## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 55 — 29/05/2019-ൽ മറുപടിക്ക്

### സ്മാർട്ട് മീറ്റർ ഉപയോഗം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അടൂർ പ്രകാശ്**<br>**,, എ.പി. അനിൽ കുമാർ**<br>**,, ഐ.സി.ബാലകൃഷ്ണൻ**<br>**,, എൽദോസ് പി. കുന്നപ്പിള്ളിൽ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര ഊർജ്ജ വകുപ്പും കേരള സർക്കാരും കെ.എസ്.ഇ.ബി. യും തമ്മിലുള്ള ത്രികക്ഷി കരാർ പ്രകാരം സ്മാർട്ട് മീറ്റർ ഉപയോഗം കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) & (ബി) | കേന്ദ്ര ഊർജ്ജ വകുപ്പ്, കെ.എസ്.ഇ.ബി യും കേരള സർക്കാരും 15.03.2017-ൽ ഒപ്പുവച്ച ഉദയ് പദ്ധതിയ്ക്ക് വേണ്ടിയുള്ള ത്രികക്ഷി ധാരണാ പത്രത്തിൽ മീറ്ററുകൾ സ്ഥാപിക്കുന്നതിന് വ്യവസ്ഥയുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.<br><br>(1) 500 യൂണിറ്റിനു മുകളിൽ പ്രതിമാസ ഉപഭോഗമുള്ള എല്ലാ ഉപഭോക്താക്കൾക്കും 31 ഡിസംബർ 2017-നകം സ്മാർട്ട് മീറ്ററുകൾ സ്ഥാപിയ്ക്കുക.<br><br>(2) 200 യൂണിറ്റിനു മുകളിൽ പ്രതിമാസ ഉപഭോഗമുള്ള എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്ററുകൾ 31 ഡിസംബർ 2019-നകം സ്ഥാപിയ്ക്കുക.<br><br>പ്രസ്തുത സംവിധാനം ഉപഭോക്താക്കൾക്ക് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നില്ല. മീറ്ററുകൾ കേന്ദ്രസർക്കാർ ധനസഹായം കൂടി ഉപയോഗപ്പെടുത്തി കെ.എസ്.ഇ.ബി.എൽ-ന്റെ ചെലവിൽ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. അതിനാൽ ഉപഭോക്താവിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല. |
| ബി) | പ്രസ്തുത സംവിധാനം ഗാർഹിക ഉപഭോക്താക്കൾക്ക് കനത്ത സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്ന വിമർശനം വസ്തുതാപരമാണോ; | | |
| (സി) | പ്രസ്തുത സംവിധാനം നിലവിൽ വരുമ്പോൾ കെ.എസ്.ഇ.ബി.യിലെ നിലവിലുള്ള ഏതെല്ലാം തസ്തികകളിലെ | (സി) | സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതു മൂലം തൊഴിൽ നഷ്ടം ഉണ്ടാകുന്നില്ല. |

| | | | |
|---|---|---|---|
| | ജീവനക്കാരെ ഒഴിവാക്കേണ്ടിവരുമെന്നും എത്ര പേർക്ക് ഇതുമൂലം തൊഴിൽ നഷ്ടപ്പെട്ടുവാനുള്ള സാഹചര്യമുണ്ടെന്നും അറിയിക്കാമോ; | | |
| (ഡി) | കെ.എസ്.ഇ.ബി. യിൽ നിയമന നിരോധനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഇപ്പോൾ യാതൊരുവിധ നിയമന നിരോധനവും ഇല്ല. |

സെക്ഷൻ ഓഫീസർ